**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1257** — **15.06.2012 ൽ മറുപടിയ്ക്ക്**

## ബി. പി. എൽ. പട്ടികയിലെ അനർഹർ

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | ശ്രീ. പി. സി. വിഷ്ണുനാഥ്<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ഷാഫി പറമ്പിൽ<br>,, പി. എ. മാധവൻ | | **ശ്രീ. കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)** |
| എ. | സംസ്ഥാനത്തെ എ.പി.എൽ, ബി.പി. എൽ. പട്ടിക കർശനമായി പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | എ. | സംസ്ഥാനത്തെ 2009 ബിപിഎൽ സർവ്വേക്കായി രണ്ടു തരം ഫോറങ്ങളാണ് ഉപയോഗിച്ചിരുന്നത്.<br>'എ' ഫോറവും 'ബി' ഫോറവും സർവ്വേ ചെയ്യുന്ന കുടുംബം താഴെ പറയുന്ന ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട കുടുംബമാണെങ്കിൽ പ്രസ്തുത കുടുംബം പ്രഥമ ദൃഷ്ട്യ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള കുടുംബമാണെന്ന അനുമാനത്തിൽ പ്രസ്തുത കുടുംബങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ 'ബി' ഫോറത്തിൽ ശേഖരിയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കി.<br>1) സർക്കാർ ജീവനക്കാർ ഉള്ള കുടുംബം (ക്ലാസ്സ് I മുതൽ IV വരെ)<br>2) സ്വകാര്യ/അർദ്ധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം<br>3) സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം<br>4) സർക്കാർ/സർവ്വീസ് പെൻഷണർമാർ ഉള്ള കുടുംബം<br>5) അർദ്ധസർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിയ്ക്കുന്നവർ ഉള്ള കുടുംബം<br>6) സഹകരണസ്ഥാപനങ്ങളിലെ പെൻഷണർമാർ ഉള്ള കുടുംബം<br>7) പൊതുമേഖല/പ്രൈവറ്റ് സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉള്ള കുടുംബങ്ങൾ (പരമ്പരാഗത തൊഴിൽ മേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒഴികെ)<br>8) 1000 ച.അ അധികം വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വീട് ഉടമസ്ഥാവകാശത്തിലുള്ള കുടുംബം<br>9) സ്വകാര്യ ഉപയോഗത്തിനുള്ള 4 ചക്ര മോട്ടോർ വാഹനം ഉടമസ്ഥതയിലുള്ള കുടുംബം |

10) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ഉള്ള കുടുംബം

11) പട്ടികവർഗ്ഗക്കാരൊഴികെ ഒരേക്കറിൽ അധികം കാർഷിക ഭൂമി കൈവശത്തിലുള്ള കുടുംബം

'ബി' ഫോറത്തിൽ ദാരിദ്ര്യ നിർണ്ണയത്തിന് ഉതകുന്ന സൂചകങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്. ബി ഫോറം സർവ്വേ ചെയ്ത കുടുംബങ്ങളിൽ നിന്നും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളുടേയും വെയിറ്റേജിന്റേയും അടിസ്ഥാനത്തിലാണ്. ബി.പി.എൽ പട്ടിക തയ്യാറാക്കിയത്.

ദാരിദ്ര്യരേഖാ സെൻസസ്സ് പ്രകാരം ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുകയും ആയതിന്റെ ഡേറ്റാ ബേസ് തയ്യാറാക്കുകയും ചെയ്തു. ദാരിദ്ര്യരേഖാ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക് ('ബി' ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങളുടെ പട്ടിക) തയ്യാറാക്കി ഈ കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിയ്ക്കുകയും, വെബ്സൈറ്റിൽ നൽകുകയും ഇത് ഗ്രാമസഭയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം പത്രങ്ങളിൽ നൽകുകയും ആക്ഷേപങ്ങളും പരാതികളും നൽകുന്നതിന് അവസരം നൽകുകയും ചെയ്തു.

| | | | |
|---|---|---|---|
| **ബി.** | ബി.പി.എൽ. പട്ടികയിൽ കടന്നുകൂടിയിട്ടുള്ള അനർഹരെ സംബന്ധിച്ച പരാതി സമർപ്പിക്കാൻ അവസരം നൽകുമോ ; | **ബി.** | പ്രസിദ്ധീകരിച്ച ബി.പി.എൽ പട്ടികയിന്മേൽ ആക്ഷേപങ്ങൾ/പരാതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കുവാൻ പൊതുജനങ്ങൾക്കവസരം നൽകിയിരുന്നു. |
| സി. | അനർഹരായവരെ ബി.പി.എൽ. പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | സി. | 14.01.2011 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 16/2011/തസ്വഭവ അനുസരിച്ച് ഇപ്രകാരം ലഭിച്ച അപേക്ഷകൾ/പരാതികൾ പരിശോധിക്കുന്ന അവസരത്തിൽ അനർഹരായവർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു കണ്ടെത്തിയാൽ ഇവരെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ